യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

31 (2028) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ കയർ പ്രോജക്ടിലെ യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ആവശ്യമായ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(സി) സഹകരണ സംഘങ്ങൾക്ക് പൊതുവിപണിയിൽ നിന്ന് തൊണ്ടും ചകിരിയും വാങ്ങുന്നതിന് സർക്കാർ നൽകുന്ന സബ്സിഡി പുതിയതായി നിലവിൽ വന്ന യന്ത്രവൽകൃത ചകിരി വ്യവസായ സംഘങ്ങൾക്കും കൂടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്ത് എത്ര യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണ സംഘങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യന്ത്രവൽകൃത ചകിരി വ്യവസായ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർതലത്തിൽ വ്യവസായവകുപ്പ് സ്പെഷ്യൽ സെക്രട്ടറി യോഗം വിളിച്ചുകൂട്ടുകയും സംഘങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണാൻ കയർ വികസന ഡയറക്ടർ ചെയർമാനായും, കയർഫെഡ് ജനറൽ മാനേജർ (പ്രോജക്ട്), കോഴിക്കോട്, കണ്ണൂർ, പൊന്നാനി പ്രോജക്ടുകളിലെ പ്രോജക്ട് ഓഫീസർമാർ, 3 കയർ പ്രോജക്ടുകളിൽ നിന്നും 3 സംഘം പ്രതിനിധികൾ എന്നിവർ പ്രതിനിധികളായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി യോഗം കൂടി വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും സത്വര നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) യന്ത്രവൽകൃത ചകിരി വ്യവസായ സംഘങ്ങൾ തൊണ്ടുവാങ്ങി ചകിരി ഉല്പാദിപ്പിച്ച് ന്യായമായ ലാഭം ലഭ്യമാക്കത്തക്കവണ്ണം വില നിശ്ചയിച്ചാണ് ചകിരി വില്പന നടത്തുന്നത്. ഈ ചകിരി വാങ്ങി കയർ ഉല്പാദിപ്പിച്ചു വിൽക്കുമ്പോൾ ഉല്പാദന ചെലവിന് അനുസരണമായി കയറിന് വില ലഭിക്കാത്തതുകൊണ്ട് കയർ സഹകരണ സംഘങ്ങൾക്ക് ഒരു ക്വിന്റൽ ചകിരി വാങ്ങുമ്പോൾ 150 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് 72 യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 58 സംഘങ്ങൾക്ക് സാമ്പത്തിക സഹായം സംയോജിത കയർ വികസന പദ്ധതി പ്രകാരം അനുവദിക്കുകയും അതിൽ 24 യൂണിറ്റുകൾ കമ്മീഷൻ ചെയ്യുകയും ചെയ്തു.

(ഇ) താഴെ പറയുന്ന നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. എൻ. സി. ഡി. സി. വായ്പയ്ക്ക് 6.5% പലിശ സബ്സിഡി അനുവദിച്ചു. പണി പൂർത്തിയാക്കാനാവാത്ത യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിന് 117.30 ലക്ഷം രൂപ അനുവദിച്ചു. ഡിഫൈബറിംഗ് യൂണിറ്റുകളിലെ യന്ത്രങ്ങൾ റിപ്പയർ ചെയ്യുന്നതിനുണ്ടാകുന്ന ചെലവ് സബ്സിഡിയായി അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പു വർഷം മുതൽ നടപ്പാക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. കൂടാതെ മിനിമം ഗ്യാരണ്ടി സ്കീം മൂലം അമിതമായ വൈദ്യുതി ചാർജ്ജ് നൽകേണ്ടി വരുന്നതിനാൽ അതിന്റെ 50% തുക സബ്സിഡിയായി അനുവദിക്കുന്നതിനുള്ള പദ്ധതിയും നടപ്പുവർഷം മുതൽ നടപ്പാക്കുന്നു.

കയർഫെഡിലെ നിയമവിരുദ്ധ നിയമനങ്ങൾ

32 (2029) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർഫെഡിൽ രജിസ്ട്രാറുടെ അംഗീകാരം ലഭിച്ച പ്യൂൺ, ഡ്രൈവർ തസ്തികകൾ എത്രവീതമാണ് ;

(ബി) ഓരോ തസ്തികയിലും സ്ഥിരനിയമനം ലഭിച്ചവർ എത്ര ; അല്ലാത്തവർ എത്ര ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ഈ തസ്തികകളിൽ എത്ര ജീവനക്കാരെ ദിവസക്കൂലി, കോൺട്രാക്റ്റ്, എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് ;

(ഡി) ഈ നിയമനങ്ങൾക്ക് രജിസ്ട്രാറുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ഇ) ഈ നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ;

(എഫ്) ഈ നിയമനങ്ങൾക്കുള്ള മാനദണ്ഡം എന്താണ് ;

(ജി) ക്രമവിരുദ്ധമായും നിയമവിരുദ്ധമായും കയർഫെഡിൽ പ്യൂൺ, ഡ്രൈവർ, വർക്കർ തസ്തികകളിൽ നിയമനം നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ ഇതിനെപ്പറ്റി അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) 22 പ്യൂൺ തസ്തികകളും 10 ഡ്രൈവർ തസ്തികകളും.

LIBRARY ARCHIVES Kerala Legislative Assembly